പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2928 07.11.2019-ൽ മറുപടിയ്ക്ക്

# റോഡ് വികസന പ്രവർത്തനങ്ങൾക്കിടെയുള്ള അപകടങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.എം.ഉമ്മർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി)** |
| (എ) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെ സംസ്ഥാനത്ത് അപകടമരണങ്ങൾ വർദ്ധിച്ച വരുന്നതായുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെ അപകടങ്ങൾ നടക്കുന്നതിന് പല കാരണങ്ങൾ ഉണ്ട്.<br>➢ മതിയായ മുന്നറിയിപ്പ് ബോർഡുകളും ജാഗ്രത നിർദ്ദേശങ്ങളും ഇല്ലാത്തത് കൊണ്ട്.<br>➢ വാഹനമോടിക്കുന്നവരുടെ അശ്രദ്ധ.<br>➢ അമിതവേഗതയിലുള്ള വാഹനമോടിക്കൽ.<br>➢ തെരുവു വിളക്കുകൾ ഇല്ലാത്തത്.<br>➢ കാൽനടയാത്രക്കാരുടെ അശ്രദ്ധ.<br>➢ ട്രാഫിക് നിയമ ലംഘനം.<br>➢ തൊഴിലാളികൾ മതിയായ സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാത്തത്.<br>➢ അപകടങ്ങളിൽ എത്രയും പെട്ടെന്ന് ചികിൽത്സ ലഭിക്കാത്തത് മൂലം മരണം സംഭവിക്കുന്നുണ്ട്. |
| (ബി) ആയത് ഒഴിവാക്കാൻ നിർമ്മാണ മേഖലയിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളെയും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ എന്തെല്ലാമെന്ന് അറിയിക്കാമോ; | (ബി) നിർമ്മാണ മേഖലയിൽ ക്രമീകരിക്കേണ്ട സുരക്ഷാ സൗകര്യങ്ങളെയും പാലിക്കേണ്ട നിബന്ധനകളെയും സംബന്ധിച്ച് നിലവിലുള്ള വ്യവസ്ഥകൾ IRC – SP-55-2014 പ്രകാരമുള്ളതാണ്.<br>ദേശീയപാതകളുടെ നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിൽ കരാറുകാരൻ പാലിക്കേണ്ട സുരക്ഷ മാനദണ്ഡങ്ങൾ കരാറിലും ബന്ധപ്പെട്ട ഐ.ആർ.സി.യിലും പ്രതിപാദിക്കുന്നുണ്ട്. ഇപ്രകാരം കോൺട്രാക്ടർ പ്രവൃത്തികൾ തുടങ്ങുന്നതിന് മുമ്പായി സുരക്ഷിതമായ നിർമ്മാണ മേഖല ഉറപ്പാക്കുന്നതിനുള്ള നിരീക്ഷണം നടത്തി സുരക്ഷാ പദ്ധതികൾ ഉൾപ്പെടുത്തിയ ട്രാഫിക് മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കി എഞ്ചിനീയറിന്റെ അംഗീകാരം വാങ്ങേണ്ടതാണ്. ഇതിലേയ്ക്കായി |

I) യോഗ്യതയുള്ള സുരക്ഷാ ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലുള്ള സുരക്ഷാ ടീമിനെ നിയോഗിക്കേണ്ടതാകുന്നു.

II) സൈൻസ്, ഡിലിനിയറ്റേഴ്സ് ബാരിക്കേഡ് എന്നിവ ഐ.ആർ.സി. പ്രകാരം സ്ഥാപിക്കേണ്ടതാകുന്നു.

III) പൊടി ശല്യം ഒഴിവാക്കാൻ വെള്ളം സ് പ്രിങ്കിൾ ചെയ്യേണ്ടതാകുന്നു.

IV) ശബ്ദമലിനീകരണം ഒഴിവാക്കാനുള്ള ക്രമീകരണങ്ങൾ നടപ്പിലാക്കണം.

V) പേഴ്സണൽ പ്രൊട്ടക്ഷൻ ഇക്വൂപ്മെന്റ് (PPE) പ്രവൃത്തിയിൽ ഏർപ്പെടുന്ന എല്ലാപേരും ഉപയോഗിക്കുന്നത് ഉറപ്പാക്കുക.

VI) സുരക്ഷാ അവബോധം ജോലിക്കാരിൽ ഉണ്ടാക്കുക.

തുടങ്ങിയവ നടപ്പിലാക്കി അപകടങ്ങൾ റോഡ് നിർമ്മാണ മേഖലയിൽ പരമാവധി ഒഴിവാക്കാവുന്നതാണ്.

(സി) പ്രസ്തുത മേഖലയിൽ അപകടങ്ങൾ കുറയ്ക്കുന്നതിനായി വിദഗ്ദ്ധാഭിപ്രായം രൂപീകരിച്ച് നിർമ്മാണ മേഖലകളിൽ ആയത് കർശനമായി നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി) റോഡ് വികസന പ്രവർത്തനങ്ങൾക്കിടെയുള്ള അപകടങ്ങൾ കുറയ്ക്കുന്നതിനായി IRC SP – 55- 2014 - ലെ നിർദ്ദേശം നിർമ്മാണ മേഖലകളിൽ കർശനമാക്കാനുള്ള നടപടികൾ പൊതുമരാമത്ത് വകുപ്പ് സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ